# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.118/PR/PIC/PHQ/13 Date : 06.11.2013

## ഡ്യൂട്ടി മീറ്റിൽ മുന്നിലെത്തുന്നവർക്ക് പ്രോത്സാഹനസമ്മാനം –

**മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ**

എല്ലാ വർഷവും നടക്കുന്ന പോലീസ് ഡ്യൂട്ടി മീറ്റിൽ വിവധ മേഖലകളിൽ മികവ് പുലർത്തുന്നവർക്ക് അടുത്ത വർഷം മുതൽ പ്രോത്സാഹനമായി ക്യാഷ് പ്രൈസ് നല്കുമെന്ന് മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു. പോലീസ് ട്രെയിനിങ് കോളേജിൽ 57-മത് കേരളാ പോലീസ് ഡ്യൂട്ടി മീറ്റിൽ സമാപന പ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം. ദേശീയതലത്തിൽ ഒന്നാം സ്ഥാനത്തിന് രണ്ടുലക്ഷവും രണ്ടാം സ്ഥാനത്തെത്തുന്നവർക്ക് ഒരു ലക്ഷവും സംസ്ഥാനതലത്തിൽ ഗോൾഡ് മെഡലിന് ഒരു ലക്ഷവും വെള്ളി മെഡലിന് 50,000 രൂപയും എന്ന നിർദേശം നടപ്പാക്കും. പോലീസുകാരുടെ ഡ്യൂട്ടിയിലെ കഴിവുകൾ വർധിപ്പിക്കുന്നതിനും പ്രൊഫഷണൽ മികവ് പുലർത്തുന്നതിനുമുള്ള മാർഗമാകണം ഡ്യൂട്ടി മീറ്റ് എന്ന ലക്ഷ്യത്തോടെയാണ് ഇതു നടപ്പിലാക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. വിവിധ വേദികളിൽ മൂന്നുദിവസങ്ങളിലായി നടന്ന മത്സരങ്ങളിൽ വിജയികളായവർക്കുള്ള സമ്മാനങ്ങളും മന്ത്രി വിതരണം ചെയ്തു.

സംസ്ഥാന പോലീസ് മേധാവി കെ.എസ്.ബാലസുബ്രഹ്മണ്യൻ അധ്യക്ഷത വഹിച്ചു. ഫയർഫോഴ്സ് കമാൻഡന്റ് ജനറൽ പി.ചന്ദ്രശേഖരൻ, എ.ഡി.ജി.പി. ക്രൈംസ് വിൻസൺ എം. പോൾ, എ.ഡി.ജി.പി. ഹെഡ്ക്വാർട്ടേഴ്സ് പി. വിജയാനന്ദ്, ഐ.ജി. ക്രൈംസ് എം.ആർ.അജിത്കുമാർ, ഫിംഗർ പ്രിന്റ് ബ്യൂറോ ഡയറക്ടർ ഡി. വിജയമാരാർ, എന്നിവർ സംബന്ധിച്ചു. തിരുവനന്തപുരം റേഞ്ച് ഐ.ജി. ഡോ.ഷെയ്ക് ദർവേഷ് സാഹെബ് സ്വാഗതവും സിറ്റി പോലീസ് കമ്മീഷണർ പി. വിജയൻ നന്ദിയും പറഞ്ഞു.

### തിരുവനന്തപുരം സിറ്റി ഓവറോൾ വിജയി

പോലീസ് ഡ്യൂട്ടിമീറ്റിൽ തിരുവനന്തപുരം സിറ്റി ഓവറാൾ വിജയിയായി. തൃശൂർ സിറ്റിയാണ് ഓവറാൾ റണ്ണറപ്പ്.

മറ്റു സമ്മാനങ്ങൾ- ഓവർആൾ വിന്നർ കംപ്യൂട്ടർ - തൃശൂർ സിറ്റി, ഓവർആൾ റണ്ണറപ്പ് കംപ്യൂട്ടർ - കൊല്ലം റൂറൽ, മികച്ച വിരലടയാള വിദഗ്ധൻ - എസ്.അരുൺകുമാർ, ഫിംഗർ പ്രിന്റ് ബ്യൂറോ, തിരുവനന്തപുരം സിറ്റി, ആന്റി സബോട്ടാഷ് ചെക്കിങ് മികച്ച ആൾ റൗണ്ടർ -എസ്.ബോബൻ ലാൽ, ബി.ഡി.ഡി.എസ്, എസ്.ബി.സി.ഐ.ഡി ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം, മികച്ച

The contents of this document may be deemed to be based on received information which is subject to further verification

ഫോട്ടോഗ്രാഫർ - കെ.പ്രദീപ് കുമാർ, ഫോട്ടോഗ്രാഫിക് ബ്യൂറോ, എസ്.സി.ആർ.ബി, തിരുവനന്തപുരം, മികച്ച വീഡിയോഗ്രാഫർ - പി.വി.യോഗി, ഫോട്ടോഗ്രാഫർ എറണാകുളം റൂറൽ, ഡോഗ് സ്ക്വാഡ് മികച്ച ഓൾറൗണ്ടർ - മോഹനൻ സി.പി.ഒ 10777, എറണാകുളം സിറ്റി, കംപ്യൂട്ടർ മികച്ച ഓൾറൗണ്ടർ - ശ്രീരാജ്.പി.പി, സി.പി.ഒ 7102, ശാസ്ത്രിയ കുറ്റാന്വേഷണത്തിൽ മികച്ച ഓൾറൗണ്ടർ - അരുൺകുമാർ, സി.ഐ, പേട്ട, നാഷണൽ മെഡൽ സ്പെഷ്യൽ അവാർഡ് - റെജി കുന്നുംപറമ്പൻ, സുധി.സി.എൽ, ആന്റി സബോട്ടാഷ് വിന്നർ - ബി.ഡി.ഡി.എസ്, എസ്.ബി.സി.ഐ.ഡി ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം, ആന്റി സബോട്ടാഷ് റണ്ണറപ്പ് - ബി.ഡി.ഡി.എസ്. കോഴിക്കോട് റേഞ്ച്.

**പോലീസ് ഡ്യൂട്ടി മീറ്റ് വിവിധ വിഭാഗങ്ങളിൽ ഒന്നാം സമ്മാനം ലഭിച്ചവർ**

1) ശാസ്ത്രീയ കുറ്റാന്വേഷണം——വി.ജി. രവീന്ദ്രനാഥ്, സി.ഐ, പള്ളുരുത്തി, എറണാകുളം സിറ്റി

2) എക്സിബിറ്റുകളുടെ ലിഫ്റ്റിങ്ങും പാക്കിങ്ങും———ബി.പങ്കജാക്ഷൻ, സി.ഐ, പോലീസ് ആസ്ഥാനം, തിരുവനന്തപുരം

3) ശാസ്ത്രീയ കുറ്റാന്വേഷണത്തിന് ഫോട്ടോഗ്രാഫി——എസ്. അജയകുമാർ, തമ്പാനൂർ പോലീസ് സ്റ്റേഷൻ, തിരുവനന്തപുരം സിറ്റി.

4) പോലീസ് പോർട്രെയ്റ്റ് മത്സരം——അജയകുമാർ.വി, എസ്.സി.പി.ഒ 1532, തിരുവനന്തപുരം സിറ്റി

5) നിരീക്ഷണ പാടവം——റോയിച്ചൻ.പി.ഡി, എസ്.സി.പി.ഒ 6033, സുൽത്താൻബത്തേരി, വയനാട്

6) ഫിംഗർപ്രിന്റ് പ്രാക്ടിക്കൽ—അരുൺകുമാർ, സി.ഐ, പേട്ട, തിരുവനന്തപുരം സിറ്റി

7) ക്രിമിനൽ ഇൻവെസ്റ്റിഗേഷൻ എഴുത്തുപരീക്ഷ-കെ.ആർ.ബിജു, എസ്.ഐ, കരിംകുന്ദം, ഇടുക്കി.

8) മെഡിക്കോ ലീഗൽ വൈവ—അരുൺകുമാർ.എസ്, സി.ഐ, പേട്ട, തിരുവനന്തപുരം സിറ്റി

9) ആന്റി സബോട്ടാഷ് വൈവ——ശശിധരൻ, എസ്.സി.പി.ഒ 1025, ബി.ഡി.ഡി.എസ്., എസ്.ബി.സി.ഐ.ഡി. ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം

   ബോബൻലാൽ----സി.പി.ഒ 5659, ബി.ഡി.ഡി.എസ്., എസ്.ബി.സി.ഐ.ഡി. ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം

10) ഫോട്ടോഗ്രാഫി——കെ.പ്രദീപ്കുമാർ, ഫോട്ടോഗ്രാഫിക് ബ്യൂറോ, സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോ

11) വീഡിയോഗ്രാഫി——പി.വി.യോഗി, ഫോട്ടോഗ്രാഫർ, എറണാകുളം റൂറൽ

12) ട്രേഡ് ടെസ്റ്റ് മാർക്കിങ് ട്രാക്കിങ്——പ്രേംജിമോൻ, സി.പി.ഒ 6652, കോട്ടയം

13) ട്രേഡ് ടെസ്റ്റ് മാർക്കിങ് എക്സ്പ്ലോസീവ്——പ്രദീപ്, സി.പി.ഒ 5671, പാലക്കാട്

14) കമ്പ്യൂട്ടർ പരിചയം——ധനിൽദാസ്, സി.പി.ഒ 6926, തൃശൂർ സിറ്റി

15) ഓഫീസ് ആട്ടോമേഷൻ——അനിൽകുമാർ.ടി.എസ്, സി.പി.ഒ 3608, ഇടുക്കി

16) വി.ബി. പ്രോഗ്രാമിങ്——ശ്രീരാഗ്.പി.പി., സി.പി.ഒ 7102, തൃശൂർ സിറ്റി

17) സൈബർ ഫോറൻസിക്——ജഗദീപ്.ആർ.എസ്, സി.പി.ഒ 5779, കൊല്ലം റൂറൽ